ക്രമ നമ്പർ	പദ്ധതി	മെഗാവാട്ട്	കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്ന തീയതി
1	ചിമ്മിനി	2.5	4/2015
2	ബാരപ്പോൾ	15	8/2015
3	ആഢ്യൻപാറ	3.5	6/2015
4	വെള്ളത്തൂവൽ	3.6	8/2015
5	പെരുന്തേനരുവി	6.0	6/2016
6	കക്കയം	3	1/2016
7	ചെങ്കുളം ഓഗമെന്റേഷൻ	-	12/2016
8	ചാത്തൻ കോട്ടനട-II	6	7/2016
9	ഭൂതത്താൻകെട്ട്	24	3/2016
10	തോട്ടിയാർ	40	9/2016
11	പള്ളിവാസൽ എക്സ്റ്റൻഷൻ	60	12/2017
12	പെരിങ്ങൽക്കുത്ത്	24	3/2017
	ആകെ	187.6 MW	

മറ്റ് സ്രോതസ്സുകളിൽനിന്നുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചെറായി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

58 (404) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇക്കഴിഞ്ഞ ആറുമാസക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) ലൈൻ വലിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ തീയതി സഹിതം വിശദീകരിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനിശ്ചിതമായി മുടങ്ങിക്കിടന്ന അഡ്വക്കേറ്റ് കമ്മീഷന്റെ ഇൻസ്പെക്ഷൻ, ബോർഡിന്റെ നിരന്തരമായ ഇടപെടലുകൾമൂലം 17-11-2014-ൽ പൂർത്തിയായി.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പ്രസ്തുത സബ്സ്റ്റേഷന്റെ അനുബന്ധ വൂട്ടുകൾ 24-7-2013 മുതൽ 30-10-2013 വരെ സർവ്വേ ചെയ്ത് രേഖപ്പെടുത്തിയിരുന്നു. ഈ സ്ഥല വിവരങ്ങൾ 22-6-2013, 20-8-2013, 5-10-2013, 29-10-2013, 30-10-2013, 14-12-2013, 17-12-2013, 19-6-2014, 17-11-2014 എന്നീ ദിവസങ്ങളിൽ കമ്മീഷൻ നേരിട്ടു പരിശോധിച്ചു രേഖപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) കമ്മീഷൻ, റിപ്പോർട്ട് ഇതുവരെയും എറണാകുളം Additional District Magistrate മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(ഇ) റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധന സമയത്ത് - 17-11-2014 -നുള്ളിൽ തന്നെ ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. കമ്മീഷൻ, റിപ്പോർട്ട് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനു സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല.

കെ.എസ്.ഇ.ബി. പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ റിലയൻസിന് നൽകിയ അനുമതി

59 (405) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെ.എസ്.ഇ. ബി. പോസ്റ്റുകളിലൂടെ 4G കേബിൾ വലിക്കാൻ റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) വർഷത്തിൽ ഒരു പോസ്റ്റിന് എത്ര രൂപ നിരക്കിൽ എത്ര വർഷത്തേക്കാണ് റിലയൻസിന് കരാർ നൽകിയിട്ടുള്ളത് ;

(സി) ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ തൊഴിലിനെ പ്രസ്തുത കരാർ ദോഷകരമായി ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly